# The Facts

News Letter of Kerala State Electricity Board Ltd

Vol I Issue I 4th September 2023


**<u>മഴക്കുറവും, DBFOO പ്രകാരമുള്ള വൈദ്യുതി കരാർ റദ്ദാക്കിയതും മൂലം സംസ്ഥാനത്തിന്റെ വൈദ്യുതി ലഭ്യതയിലുണ്ടായിട്ടുള്ള കുറവ് പരിഹരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ</u>**

1. സംസ്ഥാനത്തെ വൈദ്യുതി ആവശ്യകതയുടെ ഏകദേശം 30 ശതമാനം ആഭ്യന്തര ഉല്പാദനത്തിലൂടെയാണ് നിറവേറ്റുന്നത്. ആഭ്യന്തര ഉല്പാദന സ്രോതസ്സ് പ്രധാനമായും ജലവൈദ്യുത നിലയങ്ങളാണ്. മഴയുടെ ലഭ്യത, അടുത്ത ജലവർഷത്തിന്റെ (ജൂൺ മുതൽ മെയ് വരെയുള്ള കാലയളവ്) തുടക്കമായ ജൂൺ മാസം ഒന്നാം തീയതിയിലെ റീസർവോയറുകളിലെ കരുതൽ ശേഖരം, ഉല്പാദന കേന്ദ്രങ്ങളുടെ ശേഷി എന്നിവ കണക്കിലെടുത്താണ് ഓരോ ജലവർഷത്തിന്റെയും തുടക്കത്തിൽ ജലവൈദ്യുത നിലയങ്ങളിൽ നിന്നുള്ള ഉല്പാദനത്തിന്റെ അളവ് ആസൂത്രണം ചെയ്യുന്നത്.

2. കേന്ദ്ര വിഹിതമായി ലഭിക്കുന്ന വൈദ്യുതി, വിവിധ ദീർഘകാല-മദ്ധ്യകാല കരാറുകൾ വഴി ഉറപ്പാക്കിയിട്ടുള്ള വൈദ്യുതി, ആഭ്യന്തര വൈദ്യുതി ഉത്പാദനം എന്നിവയുടെ അടിസ്ഥാനത്തിൽ ലഭ്യമായ വൈദ്യുതിയുടെ അളവും പ്രതീക്ഷിക്കുന്ന ഉപഭോഗവും തുലനം ചെയ്ത് (Load Generation Balance) അതിന്റെ അടിസ്ഥാനത്തിൽ കൃത്യമായ ആസൂത്രണത്തിലൂടെയാണ് വൈദ്യുതി ആവശ്യകത നിറവേറ്റി വരുന്നത്. സാധാരണ നിലയിൽ ഉപഭോഗത്തിലെ വ്യതിയാനം മൂലമോ, കേന്ദ്ര വിഹിതത്തിന്റെയോ ദീർഘകാല കരാറുകൾ വഴി ലഭ്യമാകുന്ന വൈദ്യുതിയിലോ ഉണ്ടാകുന്ന കുറവുകൾ പരിഹരിക്കാനായി പവർ എക്സ്ചേഞ്ചിൽ നിന്നും അതാതു സമയത്തെ ആവശ്യമനുസരിച്ച് വൈദ്യുതി വാങ്ങുകയാണ് ചെയ്യുന്നത്.

3. കാലവർഷം സംബന്ധിച്ച് ലഭ്യമായിരുന്ന വിവിധ കാലാവസ്ഥാ പ്രവചനങ്ങളുടെ അടിസ്ഥാനത്തിൽ 2023 ജൂൺ മാസത്തിൽ ഏകദേശം 80 ശതമാനം നീരൊഴുക്ക് (കഴിഞ്ഞ 10 വർഷത്തെ ശരാശരി) ലഭിക്കും എന്ന അനുമാനത്തിലാണ് 2023-24 ജലവർഷത്തേക്കുള്ള ആഭ്യന്തര ഉല്പാദനം ആസൂത്രണം ചെയ്തത്. എന്നാൽ ജൂൺ മാസത്തിൽ ഏകദേശം 60 ശതമാനം നീരൊഴുക്ക് മാത്രമാണ് ലഭിച്ചത്. ഇപ്രകാരം വൈദ്യുതി പ്രതിസന്ധി നിലനിലക്കുന്ന സമയത്താണ് റെഗുലേറ്ററി കമ്മീഷനും സംസ്ഥാന സർക്കാരും നേരത്തെ തന്നെ പ്രൊവിഷണലായി അംഗീകാരം തന്ന DBFOO (Design, Build, Finance, Own & Operate) മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ 2014 ൽ കരാറാക്കിയ 465 MW ന്റെ 4 കരാറുകൾക്ക് 10.05.2023 ലെ ഉത്തരവ് പ്രകാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അനുമതി നിഷേധിച്ചത്.

4. സംസ്ഥാനത്ത് നിലനിൽക്കുന്ന വളരെ പ്രതികൂലമായ വൈദ്യുതി പ്രതിസന്ധി കണക്കിലെടുത്ത് വൈദ്യുതി നിയമം 2003 ലെ വകുപ്പ് 108 മാർഗ്ഗദർശകമാക്കിയും പൊതു താൽപര്യം മുൻനിർത്തിയും സംസ്ഥാന സർക്കാർ ഈ വിഷയത്തിൽ ഇടപെടണമെന്നും DBFOO കരാറുകൾ പ്രകാരം വൈദ്യുതി വാങ്ങാൻ കെ.എസ്.ഇ.ബി.എൽ-നെ അനുവദിക്കുന്നതിന് സംസ്ഥാന റെഗുലേറ്ററി കമ്മീഷന് നിർദ്ദേശം നൽകണമെന്നും KSEBL സംസ്ഥാന സർക്കാരിനോട് 27.05.2023 മുതൽ അപേക്ഷിക്കുകയുണ്ടായി.

5. KSERC യുടെ പ്രസ്തുത ഉത്തരവ് റദ്ദാക്കുന്നതിനും, കരാർ പ്രകാരം തുടർന്നും വൈദ്യുതി വാങ്ങാനുള്ള ഇടക്കാല ഉത്തരവിനുമായി 25.05.2023 ന് APTEL (Appellate Tribunal for Electricity) ൽ KSEBL പെറ്റീഷൻ ഫയൽ ചെയ്തു. എന്നാൽ 01.06.2023 ന് നടന്ന APTEL ഹിയറിങ്ങിന്റെ വേളയിൽ സംസ്ഥാനത്ത് മൺസൂൺ കാലമായതിനാൽ ഉപഭോഗം കുറവാണെന്നും, വില കുറഞ്ഞ വൈദ്യുതി മാർക്കറ്റിൽ സുലഭമാണെന്നും ഉള്ള നിലപാടാണ് KSERC സ്വീകരിച്ചത്. ഈ വാദം കണക്കിലെടുത്ത് ഇടക്കാല ഉത്തരവ് നല്കാൻ 01.06.2023 ലെ ഉത്തരവ് പ്രകാരം APTEL വിസമ്മതിച്ചു.

6. ആയതിനാൽ, വൈദ്യുതി ലഭ്യതയിലെ കുറവ് പരിഗണിച്ച് നിലവിലുള്ള കരാറുകാരിൽനിന്ന് തുടർന്നും വൈദ്യുതി വാങ്ങാൻ അനുമതി നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് KSEBL 02.06.2023 ൽ വീണ്ടും KSERC യെ സമീപിച്ചു. KSEB യുടെ അപേക്ഷ പരിഗണിച്ച് പരമാവധി 75 ദിവസത്തേക്ക് റദ്ദാക്കിയ കരാറുകൾ വഴി താൽക്കാലികമായി വൈദ്യുതി വാങ്ങാൻ 07.06.2023 ന് KSERC അനുമതി നല്കി.

7. എന്നാൽ, APTEL-ലെ തുടർ വാദങ്ങളിൽ വ്യത്യസ്തമായ സമീപനമാണ് KSERC സ്വീകരിച്ചത്. 75 ദിവസത്തേക്ക് തുടർന്നും വൈദ്യുതി വാങ്ങാൻ അനുമതി നൽകിക്കൊണ്ട് 07.06.2023 ൽ ഇറക്കിയ ഉത്തരവ് നിർബന്ധിതമല്ലെന്നും, നിർദ്ദിഷ്ട കരാറുകൾ പ്രകാരം വൈദ്യുതി തുടർന്ന് നൽകുന്നത് സംബന്ധിച്ചും ഇതിനുള്ള നിരക്ക് സംബന്ധിച്ചും പ്രസ്തുത ഉല്പാദകർക്ക് തീരുമാനിക്കാം എന്ന നിലപാടാണ് KSERC സ്വീകരിച്ചത്. KSERC യുടെ ഈ നിലപാടു മൂലം ഇടക്കാല ഉത്തരവ് നിയമപരമായി നടപ്പിലാക്കാൻ കഴിയാതെ വന്നു.

8. നൽകിവന്നിരുന്ന വൈദ്യുതി തുടരണമെന്ന് KSEBL ചെയർമാൻ ഉല്പാദകരോട് അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ JITPL ഒഴികെ മറ്റ് ഉത്പാദകർ (Jhabua Power Ltd, Jindal Power Ltd) 21.06.2023 മുതൽ വൈദ്യുതി നല്കി തുടങ്ങിയെങ്കിലും കൽക്കരി ലഭ്യത കുറവും മറ്റും ചൂണ്ടിക്കാട്ടി 100 MW-ഓളം കുറച്ചാണ് നല്കി വരുന്നത്. KSERC കരാർ റദ്ദ് ചെയ്ത കാരണം ചൂണ്ടിക്കാട്ടി JITPL അവർ നല്കി വന്നിരുന്ന 100 MW വൈദ്യുതി തുടർന്ന് നല്കാൻ തയ്യാറായില്ല.

9. വൈദ്യുതി വാങ്ങൽ കരാറുകൾക്ക് അംഗീകാരം നൽകാഞ്ഞ KSERC യുടെ ഉത്തരവ് റദ്ദ് ചെയ്തുകൊണ്ട് ഇടക്കാല ഉത്തരവിറക്കാൻ APTEL വിസമ്മതിച്ചതും, മഴക്കുറവ് കൂടുതൽ രൂക്ഷമായത് കണക്കിലെടുത്തും, അനുമതി നിഷേധിച്ച 465 MW നു പകരമായി ആഭ്യന്തര കൽക്കരി ലഭ്യത ഉറപ്പുള്ള ഉല്പാദകരിൽനിന്നും മത്സരാധിഷ്ഠിത ടെണ്ടർ മുഖേന 500 MW വൈദ്യുതി ലഭ്യമാക്കാനുള്ള മധ്യകാല കരാറിൽ ഏർപ്പെടാനുള്ള കമ്മീഷന്റെ നിർദ്ദേശമനുസരിച്ചും 5 വർഷത്തേക്ക് 500 MW വൈദ്യുതി ലഭ്യമാക്കുന്നതിന് 07.06.2023 ന് KSEBL ടെണ്ടർ വിളിച്ചു. പ്രസ്തുത ടെണ്ടർ 04.09.2023 ന് തുറക്കുന്നതാണ്.

10. കേന്ദ്ര സർക്കാരിന്റെ 2016 ലെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചാണ് ടെണ്ടർ രേഖകൾ തയ്യാറാക്കിയത്. എന്നാൽ 2022 ൽ പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ കേന്ദ്ര വൈദ്യുതി മന്ത്രാലയം പുറത്തിറക്കിയിട്ടുള്ളതായി ഒരു ഉല്പാദകൻ ചൂണ്ടിക്കാണിച്ചെങ്കിലും, പരിഷ്കരിച്ച ടെണ്ടർ രേഖകളിൽ ചില അപാകതകൾ കണ്ടെത്തിയതിനാൽ പ്രസ്തുത ടെണ്ടർ രേഖകൾ KSEBL വീണ്ടും പരിഷ്കരിക്കുയും അതിന് കമ്മീഷന്റെ അംഗീകാരം തേടുകയും ചെയ്തു. ഇതിനാൽ മധ്യകാല കരാറിന്റെ ടെണ്ടർ പ്രക്രിയയുടെ കാലയളവ് നീട്ടേണ്ടതായി വന്നു. അതിനാൽ ഈ ടെണ്ടർ പ്രകാരമുള്ള 500 MW വൈദ്യുതി ജനുവരി മുതൽ മാത്രമേ ലഭിക്കാൻ സാധ്യതയുള്ളു.

11. ഇതു കൂടാതെ ഹ്രസ്വകാല കരാറുകൾ (DEEP portal) വഴി 250 MW അധിക വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള മറ്റൊരു ടെണ്ടർ 24.06.2023 ൽ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ 250 MW വൈദ്യുതി 2023 ആഗസ്ത് 4 മുതൽ 2024 മെയ് മാസം വരെ ലഭിച്ചു തുടങ്ങിയിട്ടുണ്ട്. ഈ വൈദ്യുതിക്ക് യൂണിറ്റിന് 5.12 മുതൽ 6.34 രൂപ വരെയാണ് വില നൽകേണ്ടത്.

12. KSERC അംഗീകരിക്കാത്ത DBFOO കരാറുകളിൽ നിന്നും വൈദ്യുതി വാങ്ങാവുന്ന സമയപരിധി ആഗസ്റ്റ് 21 ന് അവസാനിച്ചത് നീട്ടിക്കിട്ടാൻ 07.08.2023 ൽ KSEBL വീണ്ടും KSERC യെ സമീപിച്ചു. താഴെ പറയുന്ന 3 ആവശ്യങ്ങളാണ് KSEBLമുന്നോട്ട് വച്ചത്:

1. മധ്യകാല കരാർ വഴിയുള്ള വൈദ്യുതി ലഭ്യമാകുന്നത് വരെ അനുമതി നിഷേധിച്ച കരാറുകൾ വഴി കരാർ ഉടമ്പടി പ്രകാരമുള്ള നിരക്ക് പ്രകാരം തന്നെ വൈദ്യുതി ലഭ്യമാക്കാൻ അനുവദിക്കുക.
2. മധ്യകാല കരാറിന്റെ ടെണ്ടർ നടപടികൾ പൂർത്തീകരിക്കുന്നതിനായി കൂടുതൽ സമയം അനുവദിക്കുക.
3. മധ്യകാല കരാർ വഴി വൈദ്യുതി ലഭ്യമാകുന്നത് വരെ അനുമതി നിഷേധിച്ച കരാറുകൾ വഴി വൈദ്യുതി ലഭ്യമാക്കുന്നതിനായി ബന്ധപ്പെട്ട ഉല്പാദകർക്ക് ഇതിലേക്കാവശ്യമായ കൽക്കരി നൽകുന്നത് തുടരാൻ കമ്മീഷൻ കൽക്കരി വിതരണക്കാരോട് ആവശ്യപ്പെടുക.

KSEB യുടെ അപേക്ഷ പരിഗണിച്ച് 31.12.2023 വരെയോ അല്ലെങ്കിൽ മദ്ധ്യകാല കരാർ വഴി ടെണ്ടർ ചെയ്തിട്ടുള്ള 500 MW വൈദ്യുതി ലഭ്യമാകുന്ന തീയതി വരെയോ, ഇതിലേതാണോ ആദ്യം വരുന്നത്, അതുവരെ റദ്ദാക്കപ്പെട്ട DBFOO കരാർ പ്രകാരമുള്ള 465 MW വൈദ്യുതി തുടർന്നും വാങ്ങാൻ 21.08.2023 ലെ ഉത്തരവ് പ്രകാരം KSERC അനുവദിച്ചിട്ടുണ്ട്. എന്നാൽ, നിർദ്ദിഷ്ട കരാറുകൾ പ്രകാരം വൈദ്യുതി തുടർന്ന് നൽകുന്നത് സംബന്ധിച്ചും ഇതിനുള്ള നിരക്ക് സംബന്ധിച്ചും പ്രസ്തുത ഉല്പാദകർക്ക് തീരുമാനിക്കാം എന്നുമുള്ള KSERC യുടെ വ്യത്യസ്ത നിലപാടു മൂലവും കരാർ പ്രകാരമുള്ള നിരക്ക് നല്കാൻ അനുമതി ഇല്ലാത്തതിനാലും നിലവിൽ നൽകി വന്നിരുന്ന വൈദ്യുതി തുടർന്ന് നല്കാൻ ഉല്പാദകർ തയ്യാറായില്ല..

13. ജൂലൈ, ആഗസ്റ്റ് മാസങ്ങളിലും കാലവർഷം പ്രതീക്ഷിച്ചതിലും വളരെ ദുർബലമാകുകയും നീരൊഴുക്ക് 50 ശതമാനത്തിലും താഴെയായി കുറയുകയും ചെയ്തു. 4-9-2023-ലെ ജലസംഭരണികളുടെ ജലനിരപ്പും അതിന്റെ വിശദാംശങ്ങളും താഴെ ചേർക്കുന്നു.

## DAILY REPORT - WATER LEVELS OF MAIN RESERVOIRS (As on 04.09.2023) 7.00 AM.

| Sl. No. | Name of Dam / Reservoir | District | MWL (metre) | FRL (metre) | Spillway Crest Level (metre) | Live Storage at FRL (MCM) | Rule level (metre) | Blue level (metre) | Orange level (metre) | Red Level (metre) | Today's Water level (metre) | Today's Live Storage (MCM) | % Storage wrt Live Storage at FRL | Same day previous year Water level (metre) | Same day previous year Live Storage (MCM) |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | **9** | **10** | **11** | 12 | 13 | 14 | 15 | 16 |
| 1 | IDUKKI | IDK | 2408.5 ft | 2403 ft | 2373 ft | 1459.49 | 2392.55 ft | 2384.55 | 2390.55 | 2391.55 | **2328.56ft** | **424.303** | **29.07%** | 2385.70ft | 1170.537 |
| 2 | IDAMALAYAR | EKM | 171.00 | 169.00 | 161.00 | 1017.80 | 165.00 | 163.50 | 164.00 | 164.50 | **145.46** | **416.660** | **40.94%** | 164.38 | 884.444 |
| 3 | KAKKI (ANATHODE ) | PTTA | 982.160 | 981.460 | 975.360 | 446.51 | 976.40 | 974.40 | 975.40 | 975.90 | **958.26** | **167.980** | **37.62%** | 976.25 | 361.330 |
| 4 | BANASURASAGAR (K A SCHEME) | WND | 775.600 | 775.600 | 767.000 | 201.00 | 775.00 | 773.50 | 774.00 | 774.50 | **768.55** | **119.150** | **59.28%** | 774.10 | 182.750 |
| 5 | SHOLAYAR | TSR | 2663 ft | 2663 ft | 2642 ft | 149.09 | | 2658.00 | 2659.50 | 2661.00 | **2649.90ft** | **115.126** | **77.22%** | 2662.70 | 148.239 |
| 6 | MADUPETTY | IDK | 1599.59 | 1599.59 | 1594.71 | 54.77 | | 1596.00 | 1597.00 | 1598.00 | **1589.35** | **30.040** | **54.85%** | 1597.80 | 49.440 |
| 7 | ANAYIRANKAL | IDK | 1210.070 | 1207.020 | 1207.020 | 49.83 | | 1205.02 | 1206.02 | 1207.02 | **1197.60** | **15.2692** | **30.64%** | 1207.33 | 51.435 |
| 8 | PONMUDI | IDK | 708.660 | 707.750 | 701.350 | 47.40 | | 704.50 | 705.50 | 706.50 | **690.80** | **15.2358** | **32.14%** | 706.80 | 44.846 |
| 9 | KUTTIYADI (KAKKAYAM) | KKD | 758.040 | 758.040 | 751.640 | 33.98 | | 755.50 | 756.50 | 757.50 | **748.04** | **12.200** | **35.90%** | 755.11 | 26.67 |
| 10 | PAMBA | PTTA | 986.330 | 986.330 | 981.460 | 31.15 | | 982.00 | 983.50 | 984.50 | **966.25** | **2.43** | **7.80%** | 977.50 | 15.88 |
| 11 | PORINGALKUTHU | TSR | 423.980 | 423.980 | 419.410 | 30.30 | | 421.00 | 422.00 | 423.00 | **414.45** | **8.62** | **28.45%** | 420.80 | 21.750 |
| 12 | KUNDALA | IDK | 1759.30 | 1758.690 | | 7.65 | | 1755.00 | 1756.00 | 1757.00 | **1756.85** | **6.090** | **79.61%** | 1758.15 | 7.005 |
| 13 | KALLARKUTTY | IDK | 456.900 | 456.590 | 450.200 | 6.43 | | | | 455.00 | **452.10** | **3.760** | **58.48%** | 456.25 | 6.250 |
| 14 | ERATTAYAR | IDK | 754.380 | 754.380 | 748.280 | 5.29 | | | | 748.28 | **746.70** | **0.8313** | **15.71%** | 747.50 | |
| 15 | LOWER PERIYAR | IDK | 256.00 | 253.00 | 237.74 | 4.55 | | | | 252.00 | **248.80** | **2.820** | **61.98%** | 253.00 | 4.550 |
| 16 | MOOZHIYAR | PTTA | 192.940 | 192.630 | 186.530 | 1.16 | | | | 190.00 | **186.65** | **0.430** | **37.07%** | 191.15 | 0.960 |
| 17 | KALLAR | IDK | 824.480 | 824.480 | 818.380 | 0.76 | | | | 823.50 | **819.90** | **0.1802** | **23.62%** | 820.40 | |
| 18 | SENGULAM (PUMPING STORAGE DAM) | IDK | 849.49 | 847.640 | 847.64 | 0.39 | | | | | **846.80** | **0.190** | **48.72%** | 846.65 | 0.150 |
| | | **Grand Total** | | | | **3547.55** | | | | | | **1341.32** | **37.81%** | | **2976.24** |

**Difference in storage** **-1634.92**



*Energy saved is Energy generated*

മഴ കുറവായതിനാൽ വൈദ്യുതി ഉപഭോഗത്തിലും ഗണ്യമായ വർദ്ധനവ് അനുഭവപ്പെടുന്നുണ്ട്. ഇതിനാൽ ഉല്പാദന-ഉപഭോഗ തുലനം കണക്കാക്കുമ്പോൾ വലിയ തോതിലുള്ള കമ്മി വരുന്ന മാസങ്ങളിൽ ഉണ്ടാകും.

| കെ.എസ്.ഇ.ബി. ജലസംഭരണികളിലെ നീരൊഴുക്കു സംബന്ധിച്ച വിവരങ്ങൾ (പ്രതീക്ഷിക്കുന്നതും ലഭിച്ചതുമായ നീരൊഴുക്കിന്റെ താരതമ്യപ്പെടുത്തൽ) | | | | |
|---|---|---|---|---|
| മാസം | ജൂൺ | ജൂലൈ | ആഗസ്റ്റ് | ആകെ |
| സാധാരണ നിലയിലുള്ള ശരാശരി നീരൊഴുക്ക് (100%) | 790.0 MU | 1534.0 MU | 1889.0 MU | **4213.00 MU** |
| യഥാർത്ഥ നീരൊഴുക്ക് 2023 | 228.5 MU | 1283.0 MU | 310.0 MU | **1821.50 MU** |
| % കുറവ് | **28.9%** | **83.6%** | **16.4%** | **43.2%** |
| പ്രതിമാസ കാലാവസ്ഥാ പ്രവചനം | അനിശ്ചിതം | സാധാരണയിലും മുകളിൽ | സാധാരണയിലും താഴെ | |

മഴയുടെ കുറവ് കാറ്റിനെയും ബാധിക്കുന്നതിനാൽ, രാജ്യത്തൊട്ടാകെയും തെക്കൻ സംസ്ഥാനങ്ങളിൽ പ്രത്യേകിച്ചും കാറ്റിൽ നിന്നുള്ള വൈദ്യുതി ഉല്പാദനം ഗണ്യമായി കുറഞ്ഞിട്ടുണ്ട്. കൽക്കരി ആവശ്യത്തിന് കിട്ടാനില്ലാത്തതും, ലഭിക്കുന്ന ആഭ്യന്തര കൽക്കരിയുടെ ഗുണനിലവാരക്കുറവും, ഇറക്കുമതി ചെയ്യുന്ന കൽക്കരിയുടെ ഉയർന്ന വിലയും താപവൈദ്യുതി നിലയങ്ങളിൽ നിന്നുള്ള ഉല്പാദനത്തെയും സാരമായി ബാധിച്ചിട്ടുണ്ട്.

കാലാവസ്ഥാ വ്യതിയാനം മൂലം ഉയർന്ന ചൂട് അനുഭവപ്പെടുന്നതിനാൽ രാജ്യത്താകെ വൈദ്യുതി ഉപഭോഗം വളരെയധികം വർദ്ധിച്ചിട്ടുണ്ട്. 1-09-2023-ൽ ഇത് സർവ്വ കാല റെക്കോഡായ 239.97 Gw ആയി ഉയർന്നു. ഉയർന്ന ആവശ്യകത നിറവേറ്റുന്നതിനായി എല്ലാ വിതരണ കമ്പനികളും വലിയ വില കൊടുത്ത് വൻതോതിൽ വൈദ്യുതി വാങ്ങുന്നതിനാൽ വിപണിയിൽ രൂക്ഷമായ വൈദ്യുതിക്ഷാമവും വിലവർദ്ധനവും അനുഭവപ്പെടുന്നുണ്ട്. ഈ സാഹചര്യത്തിൽ, വിപണിയിൽ നിന്നും വൈദ്യുതി വാങ്ങി ആവശ്യകത നിറവേറ്റുന്നതിനും പരിമിതികളുണ്ട്. 1000 MW വൈദ്യുതി വാങ്ങാൻ വേണ്ടി വിപണിയെ സമീപിച്ചാൽ 100 MW മാത്രമാണ് നിലവിൽ ലഭിക്കുന്നത്.

14. വിപണിയിൽ നിന്നും വൈദ്യുതി വാങ്ങുമ്പോൾ പ്രതിദിനം കണ്ടെത്തേണ്ട പണത്തിന്റെ അളവ് കൂടും. പവർ എക്സ് ചേഞ്ചിൽ നിന്ന് കൂടിയ അളവിൽ വൈദ്യുതി വാങ്ങുമ്പോൾ അതിനായി ഏതാണ്ട് 400 കോടി രൂപയോളം പ്രതിമാസം മുൻകൂട്ടി നൽകേണ്ടി വരും. എന്നാൽ കരാർ പ്രകാരം വാങ്ങുകയാണെങ്കിൽ ബിൽ പ്രകാരമുള്ള തുക നല്കാൻ KSEBL ന് 30 ദിവസം സാവകാശം ലഭിക്കും. അതായത്, ഉപഭോക്താക്കളിൽ നിന്ന് വൈദ്യുതി ചാർജ് പിരിച്ചെടുത്തതിന് ശേഷം ഉല്പാദകർക്ക് പണം നല്കിയാൽ മതിയാകും.

വരും മാസങ്ങളിലെ ഉയർന്ന ആവശ്യകതയും വിവിധ സ്രോതസ്സുകളിൽ നിന്നും ലഭ്യമാവുന്ന വൈദ്യുതിയുടെ അളവും കണക്കിലെടുത്ത്, പ്രതീക്ഷിക്കുന്ന വൈദ്യുതി കമ്മിയുടെ അളവ് ചുവടെ ചേർക്കുന്നു:

| മാസം | സെപ്റ്റംബർ | ഒക്ടോബർ | നവംബർ | ഡിസംബർ | ജനുവരി | ഫെബ്രുവരി | മാർച്ച് | ഏപ്രിൽ | മെയ് |
|---|---|---|---|---|---|---|---|---|---|
| കമ്മി (MW) | 1000 | 850 | 680 | 890 | 220 | 200 | 400 | 900 | 900 |

15. ഇതോടൊപ്പം തന്നെ വൈദ്യുതി നിയന്ത്രണം ഇല്ലാതെ മുന്നോട്ട് പോകുന്നതിനും, അതെ സമയം പവർ മാർക്കറ്റ് വഴിയുള്ള വൈദ്യുതി വാങ്ങൽ പരമാവധി കുറയ്ക്കുന്നതിനുമായുള്ള ബദൽ പരിഹാര മാർഗ്ഗങ്ങളും ആലോചിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന ഉപാധികൾ കൂടി മുന്നോട്ട് വയ്ക്കുന്നു:

(എ) കൈമാറ്റ കരാറുകൾ (SWAP) വഴി താഴെ പറയുന്ന അളവിൽ വൈദ്യുതി ലഭ്യമാക്കുക:

- 2023 സെപ്റ്റംബർ, ഒക്ടോബർ - 500 MW
- 2023 നവംബർ - 300 MW
- 2023 ഡിസംബർ - 500 MW
- 2024 മാർച്ച് - 200 MW
- 2024 ഏപ്രിൽ, മെയ് - 500 MW

മഴയും നീരൊഴൊക്കും മുൻവർഷങ്ങളെ അപേക്ഷിച്ച് കുത്തനെ കുറഞ്ഞിട്ടും, DBFOO കരാർ പ്രകാരമുള്ള വൈദ്യുതി ലഭ്യമല്ലാഞ്ഞതിനാലും വിപണിയിൽ ആവശ്യത്തിന് വൈദ്യുതി കുറഞ്ഞ നിരക്കിൽ കിട്ടാനില്ലാഞ്ഞതിനാലും ഉയർന്ന വൈദ്യുതാവശ്യകത നേരിടുന്നതിന് ജലവൈദ്യുതി നിലയങ്ങളിൽ നിന്ന് നേരത്തെ പ്ലാൻ ചെയ്തിരുന്ന അളവിലും കൂടുതൽ വൈദ്യുതി ഉല്പാദിപ്പിക്കേണ്ടി വരുന്നുണ്ട്. ആഗസ്റ്റ് മാസത്തിൽ പ്രതിദിനം ശരാശരി 8 ദശലക്ഷം യൂണിറ്റ് ഉല്പാദിപ്പിക്കാൻ ലക്ഷ്യമിട്ട സ്ഥാനത്ത് ശരാശരി 15 ദശലക്ഷം യൂണിറ്റ് ആയിരുന്നു പ്രതിദിന ഉല്പാദനം (ചില ദിവസങ്ങളിൽ 27 ദശലക്ഷം യൂണിറ്റ് വരെ).

ഇപ്രകാരം ഏതാണ്ട് 217 ദശലക്ഷം യൂണിറ്റ് ജലവൈദ്യുതി ആഗസ്റ്റ് മാസത്തിൽ കൂടുതലായി ഉല്പാദിപ്പിക്കേണ്ടിവന്നു. റിസർവോയറുകളിലെ പരിമിതമായ ജലത്തിന്റെ അളവ് കണക്കിലെടുത്താൽ, ഉപഭോഗം കൂടുതലുള്ള വേനൽക്കാലത്തെ ഉപയോഗത്തിനായി മാറ്റിവച്ചിരുന്ന വെള്ളമാണ് ഇപ്രകാരം ഉപയോഗിക്കേണ്ടി വന്നത്.

നിലവിലെ നിരക്കിൽ ഉല്പാദനം തുടരുകയാണെങ്കിൽ പരമാവധി ഡിസംബർ പകുതി വരെ ഉല്പാദിപ്പിക്കാനുള്ള വെള്ളം മാത്രമേ സംഭരണികളിൽ ബാക്കിയുള്ളൂ. നിലവിലെ സാഹചര്യം കണക്കിലെടുത്താൽ വരും മാസങ്ങളിൽ 40 ശതമാനം നീരൊഴുക്ക് ലഭിക്കുകയാണെങ്കിൽ അടുത്ത വേനൽക്കാലം മുഴുവൻ (2024 മെയ് 31 വരെ) ഉല്പാദനം സാധ്യമാകണമെങ്കിൽ പ്രതിദിന ശരാശരി ഉല്പാദനം 7 ദശലക്ഷം യൂണിറ്റായി ചുരുക്കേണ്ടതുണ്ട്.

ഇപ്രകാരം പ്രതിദിന ജലവൈദ്യുതി ഉല്പാദനം 7 ദശലക്ഷം യൂണിറ്റായി ചുരുക്കുമ്പോൾ ഏതാണ്ട് 15 ദശലക്ഷം യൂണിറ്റോളം വൈദ്യുതി ദിവസവും മാർക്കറ്റിൽ നിന്ന് വാങ്ങേണ്ടി വരും. നിലവിലെ വിപണി നിരക്കായ 10 രൂപ വച്ച് പ്രതിദിനം 15 കോടി രൂപ ഇതിന് മുൻകൂർ കണ്ടെത്തേണ്ടി വരും. എന്നാൽ ടണഅജ വഴി 500 MW വൈദ്യുതി ലഭ്യമായാൽ മാർക്കറ്റിൽ നിന്ന് വാങ്ങേണ്ടി വരുന്ന വൈദ്യുതിയുടെ അളവ് പ്രതിദിനം 5 ദശലക്ഷം യൂണിറ്റ് ആയി കുറക്കാൻ സാധിക്കും.

(ബി) ഹ്രസ്വകാല കരാറുകൾ (DEEP portal) വഴി 2023 സെപ്റ്റംബറിൽ 150 MW ഉം ഒക്ടോബർ, നവംബർ മാസങ്ങളിൽ 100 MW ഉം വൈദ്യതി ലഭ്യമാക്കുക.

(സി) വൈദ്യുതി പ്രതിസന്ധിയെ പറ്റി ജനങ്ങളെ ബോധവാന്മാരാക്കാനും, പീക്ക് സമയത്ത് കഴിയുന്നത്ര ഉപഭോഗം കുറച്ച് മറ്റു സമയങ്ങളിൽ അത്യാവശ്യമുള്ള കാര്യങ്ങൾക്ക് മാത്രം വൈദ്യുതി ഉപയോഗിക്കാൻ ഉപഭോക്താക്കളെ പ്രേരിപ്പിക്കാനും ആവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ അടിയന്തിരമായി നടപ്പാക്കുക.

16. മഴയുടെ ലഭ്യതയിൽ വന്ന കുറവ്, വർദ്ധിച്ച ഉപഭോഗം, റദ്ദാക്കിയ കരാറുകളിൽ നിന്നും വൈദ്യുതി ലഭിക്കാത്ത സാഹചര്യം എന്നിവയുടെ അടിസ്ഥാനത്തിൽ 2023 സെപ്റ്റംബർ മുതൽ 2024 മെയ് വരെയുള്ള കാലയളവിൽ പ്രതീക്ഷിക്കുന്ന വൈദ്യുതി കമ്മിയും, ഇത് നേരിടുന്നതിന് കൈമാറ്റ കരാർ (SWAP) / ഹ്രസ്വകാല കരാർ (DEEP) എന്നിവ വഴി ലഭ്യമാക്കേണ്ട വൈദ്യുതിയുടെ കണക്കും താഴെ ചേർക്കുന്നു.

| മാസം | | രാത്രി 12 മുതൽ രാവിലെ 5 വരെ | രാവിലെ 5 മുതൽ രാവിലെ 8 വരെ | രാവിലെ 8 മുതൽ ഉച്ചക്ക് 2 വരെ | ഉച്ചക്ക് മുതൽ വൈകിട്ട് 6 വരെ | വൈകിട്ട് 6 മുതൽ രാത്രി 10 വരെ | രാത്രി 10 മുതൽ രാത്രി 12 വരെ |
|---|---|---|---|---|---|---|---|
| സെപ്റ്റംബർ | വൈദ്യുതി കമ്മി (MW) | -711 | -1090 | -1037 | -997 | -526 | -781 |
| | കൈമാറ്റ കരാർ വഴി (MW) | 500 | 500 | 500 | 500 | 500 | 500 |
| | ഹ്രസ്വകാല കരാർ വഴി (MW) | 150 | 150 | 150 | 150 | 150 | 150 |
| ഒക്ടോബർ | വൈദ്യുതി കമ്മി (MW) | -680 | -860 | -850 | -730 | -465 | -820 |
| | കൈമാറ്റ കരാർ വഴി (MW) | 500 | 500 | 500 | 500 | 500 | 500 |
| | ഹ്രസ്വകാല കരാർ വഴി (MW) | 100 | 100 | 100 | 100 | 100 | 100 |

| | | | | | | | |
|---|---|---|---|---|---|---|---|
| നവംബർ | വൈദ്യുതി കമ്മി (MW) | -453 | -683 | -673 | -653 | -388 | -768 |
| | കൈമാറ്റ കരാർ വഴി (MW) | 300 | 300 | 300 | 300 | 300 | 300 |
| | ഹ്രസ്വകാല കരാർ വഴി (MW) | 100 | 100 | 100 | 100 | 100 | 100 |
| ഡിസംബർ | വൈദ്യുതി കമ്മി (MW) | -642 | -822 | -762 | -892 | -527 | -932 |
| | കൈമാറ്റ കരാർ വഴി (MW) | 500 | 500 | 500 | 500 | 500 | 500 |
| | ഹ്രസ്വകാല കരാർ വഴി (MW) | 100 | 100 | 100 | 100 | 100 | 100 |
| ജനുവരി | വൈദ്യുതി കമ്മി (MW) | -21 | -126 | -86 | -141 | 134 | -221 |
| | കൈമാറ്റ കരാർ വഴി (MW) | 0 | 0 | 0 | 0 | 0 | 0 |
| | ഹ്രസ്വകാല കരാർ വഴി (MW) | 0 | 0 | 0 | 0 | 0 | 0 |
| ഫെബ്രുവരി | വൈദ്യുതി കമ്മി (MW) | 63 | -197 | -32 | -112 | 145 | -132 |
| | കൈമാറ്റ കരാർ വഴി (MW) | 0 | 0 | 0 | 0 | 0 | 0 |
| | ഹ്രസ്വകാല കരാർ വഴി (MW) | 0 | 0 | 0 | 0 | 0 | 0 |
| മാർച്ച് | വൈദ്യുതി കമ്മി (MW) | -370 | -363 | -328 | -280 | -209 | -399 |
| | കൈമാറ്റ കരാർ വഴി (MW) | 200 | 200 | 200 | 200 | 200 | 200 |
| | ഹ്രസ്വകാല കരാർ വഴി (MW) | 0 | 0 | 0 | 0 | 0 | 0 |
| ഏപ്രിൽ | വൈദ്യുതി കമ്മി (MW) | -825 | -466 | -458 | -413 | -705 | -903 |
| | കൈമാറ്റ കരാർ വഴി (MW) | 500 | 500 | 500 | 500 | 500 | 500 |
| | ഹ്രസ്വകാല കരാർ വഴി (MW) | 100 | 100 | 100 | 100 | 100 | 100 |
| മെയ് | വൈദ്യുതി കമ്മി (MW) | -755 | -593 | -569 | -445 | -750 | -904 |
| | കൈമാറ്റ കരാർ വഴി (MW) | 500 | 500 | 500 | 500 | 500 | 500 |
| | ഹ്രസ്വകാല കരാർ വഴി (MW) | 100 | 100 | 100 | 100 | 100 | 100 |

ഇപ്രകാരം, സംസ്ഥാനം നേരിടുന്ന അപ്രതീക്ഷിതവും അനിതരസാധാരണവുമായ വൈദ്യുതി പ്രതിസന്ധി മറികടക്കുന്നതിനായി കെ.എസ്.ഇ.ബി. ഇതിനകം ക്ഷണിച്ചിട്ടുള്ള അധിക വൈദ്യുതി കരാറുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| കരാർ രീതി | വൈദ്യുതിയുടെ അളവ് | ടെണ്ടർ ക്ഷണിച്ച തീയതി | ടെണ്ടർ തുറക്കുന്ന തീയതി |
|---|---|---|---|
| മദ്ധ്യകാല കരാർ (MTOA) | 500 MW | 07.06.2023 | 04.09.2023 |
| ഹ്രസ്വകാല കരാർ (STOA) | 100 – 150 MW | 21.08.2023 | 05.09.2023 |
| കൈമാറ്റ കരാർ (SWAP) | 300 - 500 MW | 23.08.2023 | 07.09.2023 |

17. ഊർജ്ജ ലഭ്യത സംബന്ധിച്ച് ഇപ്പോൾ നിലനിൽക്കുന്ന പ്രതികൂല സാഹചര്യത്തിൽ പോലും സംസ്ഥാനത്ത് മുഴുവൻ സമയവും ഊർജ്ജ ലഭ്യത ഉറപ്പാക്കുവാൻ കെ.എസ്.ഇ.ബി. എല്ലാ ശ്രമങ്ങളും നടത്തുകയാണ്.